പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1734 | 11.02.2013-ൽ മറുപടിയ്ക്ക്

## പ്ലാന്റേഷൻ കോർപ്പറേഷൻ വാർഷികാഘോഷ പരിപാടിയിലുണ്ടായ ഭക്ഷ്യ വിഷബാധ

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) കാലടി പ്ലാന്റേഷൻ കോർപ്പറേഷന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന ആഘോഷപരിപാടികളിലുണ്ടായ ഭക്ഷ്യവിഷബാധയേറ്റവർക്ക് ചികിത്സാ സൗകര്യത്തിന് പുറമേ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ;<br><br>ബി)ഭക്ഷ്യവിഷബാധയേറ്റവരുടെ പഠനാവസരങ്ങളും തൊഴിലവസരങ്ങളും നഷ്ടപ്പെടുവാനും ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കിയതിനുമുള്ള പ്രാതിനിധ്യ ബാദ്ധ്യത കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ; | (എ & ബി)<br>പ്ലാന്റേഷൻ കോർപ്പറേഷന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് കോർപ്പറേഷനിലെ ജീവനക്കാർക്ക് മാത്രമായിട്ടാണ് അന്നേദിവസത്തെ ഉച്ചഭക്ഷണം എന്ന നിലയിൽ ബിരിയാണി വിതരണം ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ പ്രവേശിപ്പിച്ചവരുടെ ചികിത്സാ ചെലവുകൾ പൂർണ്ണമായും കോർപ്പറേഷൻ നേരിട്ട് വഹിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ